## പാഠം 2

# മെച്ചപ്പെട്ട ഒരു ലോകത്തിന്റെ 'ബ്ലൂപ്രിന്റ്'

**വായിക്കുക:** പുറപ്പാട് 3:7; മത്തായി 22:37–40; പുറപ്പാട് 22:21–23; ആവർത്തനം 14:22–29; 26:1–11; ലേവ്യർ 25:9–23.

**മനഃപാഠവാക്യം:** 'പ്രതികാരം ചെയ്യരുത്; നിന്റെ ജനത്തിന്റെ മക്കളോടു പക വെക്കരുതു; കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം" (ലേവ്യർ 19:18).

ദൈവത്തിന്റെ കരുണയിൽ, പ്രത്യേക ബന്ധം നിലനിർത്തിയിരുന്ന ജനം എല്ലായ്പ്പോഴും ദൈവത്തിനു ഉണ്ടായിരുന്നു. ഹാനോക്, നോഹ, അബ്രഹാം, യിസ്ഹാക്, യാക്കോബ് എന്നിവരുടെ കഥയിൽ (മറ്റുള്ളവരുടെ ഇടയിലും) ദൈവം മനുഷ്യരുമായുള്ള തകർന്ന ബന്ധങ്ങളെ പുതുക്കിപ്പണിയുവാൻ ക്ലേശിക്കുന്നതായി നാം കാണുന്നു. ഇതു പക്ഷേ ഈ അപൂർവ്വം ചില വ്യക്തികളുടെയും അവരുടെ കുടുംബങ്ങളുടെയും പ്രയോജനത്തിനുവേണ്ടി മാത്രം ആയിരുന്നില്ല. അവർ ദൈവത്തോടു ചേർക്കപ്പെട്ടു അനുഗ്രഹിക്കപ്പെട്ടപ്പോൾ, ആ ബന്ധങ്ങളെ പുതുക്കിപ്പണിയുവാനും മറ്റുള്ളവരുമായി അനുഗ്രഹങ്ങൾ പങ്കുവെയ്ക്കുന്നതിനുമുള്ള ഒരു ബൃഹത്തായ പദ്ധതിയുടെ ഒരു ഭാഗം മാത്രം ആയിരുന്നു അത്. ദൈവം അബ്രാഹാമിനോടു അരുളിച്ചെയ്തു: "ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 12:2,3). അനുഗ്രഹിക്കപ്പെട്ടതുപോലെ, മറ്റുള്ളവർക്കു ഒരു അനുഗ്രഹം ആയിരിക്കുവാൻ അവനു കഴിഞ്ഞു.

ഇസ്രായേൽ ദേശത്തിലൂടെയും, അത്യന്തികമായി ആ ദേശത്തു നിന്നു വരേണ്ടിയിരുന്ന മശിഹയിലൂടെയും ആയിരുന്നു ഈ അനുഗ്രഹം വരേണ്ടിയിരുന്നത്. ഇസ്രായേൽജനത്തിന്റെ സൃഷ്ടിയോടുകൂടി, ദൈവം ഇപ്പോൾ ഒരു മുഴുവൻ രാജ്യത്തോടൊപ്പമാണു പ്രവർത്തിച്ചത്. അതുകൊണ്ടു ദൈവം അവർക്കു നിയമങ്ങളും, ചട്ടങ്ങളും, പെരുന്നാളുകളും ആചാരങ്ങളുമൊക്കെ കൊടുക്കുവാൻ തുടങ്ങി. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർ മറ്റുള്ളവരെ അതുപോലെ അനുഗ്രഹിക്കുവാൻ പ്രാപ്തരാകേണ്ടതിനു അവർ ആ വിധം ജീവിക്കണമായിരുന്നു.

സംശയമില്ല, ഈ തത്വം ഇന്നും നിലനിൽക്കുന്നു.

# കേൾക്കുന്ന ദൈവം

"മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു; ഊഴിയ വിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു. ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു" (പുറ. 3:7).

നാനൂറു വർഷങ്ങൾ എന്നാൽ കാത്തിരിക്കാൻ കഴിയാത്ത ദീർഘകാലമാണ്, പ്രത്യേകിച്ചു കാത്തിരിപ്പിന്റെ അവസ്ഥ കഠിനത ഏറിവരുന്ന അടിമത്വം ആകുമ്പോൾ. ദൈവം തന്റെ ജനങ്ങളുടെ അടുക്കലേക്കു മടങ്ങിവന്നു ഈജിപ്തിൽനിന്നു അവരെ പുറത്തുകൊണ്ടുവരുമെന്നു വാഗ്ദത്തം ചെയ്തിരുന്നു. തലമുറകൾ പലതു കഴിഞ്ഞിട്ടും, വിഗ്രഹാരാധികളായ പീഡകർക്കുവേണ്ടി സമ്പത്തും അഭിമാനവും പണിതുകൂട്ടുവാൻ അവർ വിട്ടുകളയപ്പെട്ടു; ദൈവമാകട്ടെ നിശ്ശബ്ദനായിരുന്നു.

ദൈവം പിന്നെ ഒരു അസാധാരണ വിധത്തിൽ സ്വയം വെളിപ്പെടുത്തി. ദൈവം ഒരു വിദൂര മരുഭൂമിയിൽ കത്തുന്ന മുൾപ്പടർപ്പിൽ, സാധ്യതയില്ലാത്ത ഒരു നേതാവിനു പ്രത്യക്ഷനായി; ഒളിച്ചോടിയ രാജകുമാരനും വെറും ആട്ടിടയനും ആയിരുന്ന മോശെക്കു ദൈവം പ്രത്യക്ഷനായി. സമ്മതമില്ലാതിരുന്ന മോശെക്കു ദൈവം ഒരു ജോലി നൽകി. ഇസ്രായേല്യരുടെ അടുക്കൽ മടങ്ങിചെന്നു. ദൈവം അവരുടെ പീഡ കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്നു; അതേ, ദൈവം നിശ്ചയമായും അവരെ കരുതി എന്ന് അറിയിക്കണമായിരുന്നു. വാസ്തവത്തിൽ, അവരുടെ സ്ഥിതി മാറ്റുവാൻ നാടകീയമായി ചിലതു ചെയ്യുവാൻ ദൈവം ഒരുങ്ങുകയായിരുന്നു.

**പുറപ്പാട് 3:16–17 വായിക്കുക. ദൈവം തന്റെ പദ്ധതി നിർവ്വഹണത്തിന്റെ തുടക്കത്തിൽ ഇത്തരം ഒരു കൃത്യമായ സന്ദേശം അവർക്കു നൽകിയതിന്റെ പ്രാധാന്യം എന്തായിരുന്നു? ദൈവത്തിന്റെ ഈ പ്രസ്താവനയിൽ നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നതു എന്താണ്?**

ദൈവം പക്ഷേ അവിടെ അവസാനിപ്പിച്ചില്ല. മെച്ചമായ ഒരു ദേശത്തിന്റെ പദ്ധതി ഉണ്ടായിരിക്കുക മാത്രമല്ല, അവർ ഈജിപ്തിൽനിന്നു നിരാശ്രയരായി രക്ഷപ്പെടുവാൻ ദൈവം ഉദ്ദേശിച്ചതുമില്ല. പല നൂറ്റാണ്ടുകളായി അവർ ഈജിപ്തിന്റെ സമ്പത്തിനു സംഭാവന ചെയ്തുകൊണ്ടു വന്നു. തുടക്കത്തിലെ ഫറവോന്റെ തടസ്സം ദൈവം മുൻകണ്ടിരുന്നു. എന്നാലും യിസ്രായേലിന്റെ വർഷാന്തരങ്ങളായുള്ള കഠിനവേലയ്ക്കു തക്ക നഷ്ടപരിഹാരം ലഭിക്കുമെന്നു ദൈവം മോശെയ്ക്കു ഉറപ്പു നൽകി: "ഞാൻ മിസ്രയീമ്യർക്കു ഈ ജനത്തോടു കൃപ തോന്നുമാറാക്കും; നിങ്ങൾ പോരുമ്പോൾ വെറും കയ്യായി പോരേണ്ടിവരികയില്ല" (പുറ. 3:21).

ദീർഘവർഷങ്ങളിലെ പീഡാനുഭവത്തിനുശേഷം, ഈ മുൻകാല അടിമകളെക്കൊണ്ടു പ്രത്യേക തരം സമൂഹത്തെ സ്ഥാപിക്കുവാൻ ദൈവം അവസരം ഉപയോഗിച്ചു. ഒരു പ്രത്യേക വിധത്തിൽ അവർ ജീവിക്കണമെന്നും, തുടർന്നും നിലനിൽക്കുന്നതും വികസന സാധ്യതയുള്ളതുമായ ഒരു സമൂഹം ആകണമെന്നും ദൈവം ആഗ്രഹിച്ചു. ഈ പുതിയ തരം സമൂഹം ചുറ്റുപാടുമുള്ള ദേശങ്ങൾക്കു ഒരു മാതൃക ആയിരിക്കണമെന്നും, അബ്രാഹാമിനെപ്പോലെ, ദൈവത്തിൽനിന്നും അവർക്കു ലഭിച്ച അനുഗ്രഹങ്ങൾ മുഴുവൻ ലോകത്തിനും അനുഗ്രഹം ആകണമെന്നും ആയിരുന്നു ദൈവത്തിന്റെ പദ്ധതി.

**ദൈവം മനുഷ്യരുടെ കഷ്ടത കാണുകയും സഹായത്തിനായുള്ള അവരുടെ മുറവിളി കേൾക്കുകയും ചെയ്യുന്നു എന്നതു നിങ്ങൾക്കു എത്ര മാത്രം പ്രധാനമാണ്? ദൈവത്തെക്കുറിച്ചു ഇത് നിങ്ങളോടു എന്തു പറയുന്നു? (പുറ. 4:31 കാണുക).**

**തിങ്കൾ** **ജൂലൈ 8**

## പത്തു കല്പനകൾ

വായിക്കുക: മത്തായി 22:37-40; പുറപ്പാട്. 20:1-17. പത്തുകല്പനയിൽ ഓരോന്നും വായിക്കുമ്പോൾ അവയെ മനസ്സിലാക്കുവാൻ യേശുവിന്റെ സംഗ്രഹം എങ്ങനെ സഹായിക്കുന്നു?

പത്തുകല്പനകൾ ഒരു ഭരണഘടനപോലെയാണ്. ഏതു അടിസ്ഥാനത്തിലാണു ഈ പ്രസ്താവനകൾ നിർവ്വഹിക്കപ്പെട്ടിരിക്കുന്നത് എന്നു കാണിക്കുന്ന ഒരു ചെറിയ മുഖവുരയ്ക്കുശേഷം - ഇവിടെ ദൈവം തന്റെ ജനത്തെ വിടുവിച്ചതു - രാജ്യം സ്ഥാപിതമായിരിക്കുന്ന കാതലായ തത്വങ്ങളുടെ പട്ടിക നൽകപ്പെട്ടിരിക്കുന്നു. മനുഷ്യർക്കു ദൈവത്തോടുള്ള സ്നേഹത്തെയും പരസ്പരമുള്ള സ്നേഹത്തെയും എങ്ങനെ ജീവിച്ചു കാണിക്കുവാൻ കഴിയുമെന്നതിനുള്ള കൃത്യമായ കല്പനകൾ ഇതിലുണ്ട്. ക്രിസ്തീയ പാരമ്പര്യമുള്ള പല രാജ്യങ്ങളും അവരുടെ നിയമങ്ങൾക്കുള്ള അടിസ്ഥാനം ഈ മാർഗ്ഗദർശക തത്വങ്ങളിൽനിന്നു സ്വീകരിച്ചിട്ടുണ്ട്.

ഈ പ്രസ്താവനകളിൽ പലതും ചുരുങ്ങിയവ ആണെങ്കിലും, അവയുടെ പ്രതിഫലനത്തിന്റെ വ്യാപ്തിയെയും, ജീവിതനിയമങ്ങൾ എന്ന നിലയിൽ പത്തു കല്പനകളുടെ വിശാലതയെയും (സമഗ്രസ്വഭാവം) നമ്മൾ കുറച്ചു കാണരുത്. ഉദാഹരണത്തിന് ആറാമത്തെ കല്പന “കൊലചെയ്യരുത്” (പുറ. 20:13). “ജീവദൈർഘ്യം കുറയുകയും” അതുപോലെ, “ഇല്ലായ്മക്കാരെയും കഷ്ടപ്പെടുന്നവരെയും പരിരക്ഷിക്കാതെസ്വാർത്ഥമായി അവഗണിക്കുകയും ചെയ്യുന്നതടക്കം അനീതിയുടെ എല്ലാ പ്രവൃത്തികളെയും അതിൽ സംഗ്രഹിക്കുകയും ഉൾപ്പെടുത്തുകയും ചെയ്യുന്നു”- Patriarchs and Prophets, P. 308. അതുപോലെ മോഷണത്തിനു എതിരായ നിരോധനം (പുറ. 20:15

കാണുക)". അടിമ സമ്പ്രദായത്തെ കുറ്റംവിധിച്ചു തള്ളുകയും കീഴടക്കുന്ന തിനുള്ള യുദ്ധങ്ങളെ നിരോധിക്കുകയും ചെയ്യുന്നു." "ന്യായമായ കടങ്ങളും കൂലികളും കൊടുത്തുതീർക്കുവാൻ അതു ആവശ്യപ്പെടുകയും അതു പോലെ, "മറ്റൊരാളിന്റെ അജ്ഞതയെയും, ബലഹീനതയെയും, നിർഭാഗ്യ ാവസ്ഥയെയും മുതലെടുക്കുന്നതിനുള്ള ഏതു പരിശ്രമത്തെയും നിരോധി ക്കുകയും ചെയ്യുന്നു"- Patriarchs and Prophets, P. 309.

നമ്മൾ മോശപ്പെട്ടവർ അല്ലെന്നു അനായാസം നമ്മോടു തന്നെ പറയു വാൻ നമുക്കു കഴിയും. ഉദാഹരണത്തിനു നാം മോഷണത്തിൽ അല്ലെങ്കിൽ കൊലപാതകത്തിൽ നേരിട്ടു ഉൾപ്പെട്ടിട്ടില്ല; അങ്ങനെയെങ്കിൽ നമുക്കു ശരി, കുഴപ്പമില്ല എന്നു തോന്നാം. യേശു കല്പനകളെക്കുറിച്ചു സംസാരിച്ചപ്പോ ഴാകട്ടെ, ഏതാനും കൃത്യമായ പ്രവൃത്തികൾ ചെയ്യാതിരുന്നതുകൊണ്ടു മാത്രം കല്പനകൾ നിവർത്തിക്കപ്പെടുന്നില്ല എന്നു വ്യക്തമാക്കി. ശരിയായി പറഞ്ഞാൽ, നമ്മുടെ ചിന്തകൾ, ഉൾപ്രേരണകൾ ചെയ്യുവാൻ നമ്മൾ പരാ ജയപ്പെടുന്ന കാര്യങ്ങൾകൊണ്ടുപോലും നമുക്കു ദൈവകല്പനകളെ ലംഘി ക്കുവാൻ കഴിയും (മത്താ. 5:21-30 കാണുക).

അതുകൊണ്ടു, പത്തു കല്പനകളിൽ ഓരോന്നിനെയും വളരെ ഗൗര വമായി കണക്കാക്കി പൂർണ്ണമായി അവയ്ക്കു ഒത്തവണ്ണം ജീവിച്ച ഒരു സമൂ ഹത്തെ വിഭാവന ചെയ്യുക. അതു വളരെ സജീവവും ഊർജ്ജസ്വലവുമായ ഒരു സമൂഹം ആയിരിക്കും. തമ്മിൽ തമ്മിൽ സ്നേഹിച്ചും കരുതിയും കൊണ്ടു അവർ ഓരോരുത്തരും ദൈവത്തോടുള്ള തങ്ങളുടെ സ്നേഹത്തിന്മേൽ ഉത്സാ ഹത്തോടെ പ്രവർത്തിച്ചിരിക്കും.

**ഈ സുപ്രധാന തത്വങ്ങളുടെ വിശാലമായ പ്രായോഗികത നമ്മുടെ ജീവിതങ്ങളിൽ പലപ്പോഴും അവഗണിച്ചുകൊണ്ടു, പത്തു കല്പനകളെ "ഇടുങ്ങിയ വിധം" വായിക്കുവാനുള്ള പ്രവണത നാം എന്തുകൊണ്ടു കാണിക്കുന്നു? ഇടുങ്ങിയ വായന പിന്തുടരുവാൻ ഏറെ എളുപ്പമായിരി ക്കുന്നതു എന്തുകൊണ്ടാണ്?**

**ചൊവ്വ** **ജൂലൈ 9**

## അടിമകൾ, വിധവകൾ, അനാഥർ, അന്യർ

**പുറപ്പാട് 23:9 വായിക്കുക. ദൈവം ഇവിടെ യിസ്രായേലിനു നൽകിയ ദൂത് എന്താകുന്നു?**

പുതുതായി സ്വതന്ത്രരാക്കപ്പെട്ട അടിമകൾ എന്ന നിലയിൽ പീഡിപ്പി ക്കപ്പെടുക, ചൂഷണം ചെയ്യപ്പെടുക, അപ്രധാനരായി മാറ്റിനിർത്തുക എന്നിവ എന്താണെന്നു നന്നായി അറിഞ്ഞിരുന്നു. അവർ തങ്ങളുടെ സ്വാതന്ത്ര്യം

ആഘോഷിച്ചപ്പോൾ, അവർ എവിടെ നിന്നാണു വന്നത്, ഒഴിവാക്കപ്പെടുക എന്നാൽ എന്താണ്, അവരെ വിടുവിച്ചു രക്ഷിക്കുവാൻ താൻ എന്താണ് ചെയ്തത് എന്ന് അവർ മറക്കരുതെന്നു ദൈവം കരുതിയിരുന്നു. ആ സംഭവത്തിന്റെ ഒരു സ്മാരകമായും അതിനെ വീണ്ടും പറയുന്നതിനുള്ള ഒരു അവസരത്തിനായും ദൈവം പെസഹപ്പെരുന്നാൾ സ്ഥാപിച്ചു: "യഹോവ ബലമുള്ള കൈകൊണ്ടു അടിമവീടായ മിസ്രയീമിൽനിന്നു ഞങ്ങളെ പുറപ്പെടുവിച്ചു" (പുറ. 13:14).

**പുറപ്പാട് 22:21–23 വായിക്കുക: തങ്ങളുടെ പുതിയ സമൂഹത്തിൽ, നിർഭാഗ്യരോടു അവർ എങ്ങനെ പെരുമാറണമെന്നു പഠിപ്പിക്കുവാൻ, അവരുടെ സ്വന്തം അടിമജീവിത ഓർമ്മകൾ എത്ര പ്രധാനം ആയിരുന്നു?**

പത്തു കല്പനകൾ നൽകപ്പെട്ടതിന്റെ പ്രതിധ്വനികൾ അടങ്ങിയിട്ട് അധിക കാലം കഴിഞ്ഞില്ല; മോശെ ദൈവത്തിന്റെ അടുക്കലേയ്ക്കു വിളിക്കപ്പെട്ടു. ഇസ്രായേല്യ സമൂഹത്തിൽ ഈ കല്പനകൾ പാലിച്ചു എങ്ങനെയാണു ജീവിക്കേണ്ടത് എന്നതിനു വിശദമായ ഉപദേശങ്ങൾ നൽകുന്നതിനുവേണ്ടി ആയിരുന്നു അത്. സമാഗമനകൂടാരം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകപ്പെടുന്നതിനു മുമ്പുതന്നെ അടിമകൾക്കനുയോജ്യമായ പെരുമാറ്റം നൽകപ്പെടേണ്ടതിനു മൂന്നു അദ്ധ്യായങ്ങൾ നീണ്ട നിയമം ദൈവം നൽകി. അവ പല യിസ്രായേല്യർക്കും അനുഭവപ്പെട്ട പെരുമാറ്റങ്ങളിൽനിന്നു തികച്ചും വിപരീത നിയമം ആയിരുന്നു. കഠിനമായ കുറ്റകൃത്യങ്ങൾ, ഭൂസ്വത്ത്, ദൈനംദിന ജീവിതം, നിയമങ്ങൾ നടപ്പിലാക്കുവാനും, കോടതികൾ സ്ഥാപിക്കുവാനും നീതി നിർവ്വഹണത്തിനും വേണ്ടുന്ന നിയമങ്ങൾ അതിൽ  ഉണ്ടായിരുന്നു (പുറ. 21:23 കാണുക).

പരദേശികൾക്കും അത്യന്തം നിസ്സഹായകർക്കും വേണ്ടിയുള്ള കരുതലിനെപ്പോലെ, പുതിയ സമൂഹത്തിലെ സഹപൗരന്മാർക്കായുള്ള കരുതലും ഈ നിയമങ്ങളിൽ പ്രമുഖം ആയിരുന്നു.

ഇവർ ചൂഷണം ചെയ്യപ്പെടരുതായിരുന്നു. അവരുടെ അന്തസ്സിനു ചേർന്ന വിധം ആഹാര സമ്പാദനത്തിനും അവർക്കു അവകാശം അനുവദിച്ചിരുന്നു; കൊയ്ത നിലത്തിൽനിന്നു കാലാ പെറുക്കുവാൻ കഴിഞ്ഞിരുന്നു. "പുറമേ നിന്നുള്ളവർക്കും" അന്യദേശക്കാർക്കും അത്തരം പെരുമാറ്റങ്ങൾ പുരാതന ലോകത്ത് സാധാരണം ആയിരുന്നില്ല. ഈ കാലത്തുപോലും മറ്റുള്ളവരോടു പെരുമാറുന്നതിനുള്ള സുപ്രധാന തത്വങ്ങൾ ചിലർ മറക്കുന്നതായി കാണപ്പെടുന്നു.

**മറ്റുള്ളവരുടെ കഷ്ടപ്പാടും അനീതിയും സംബന്ധിച്ച് സഹതാപവും ചിന്തയും ഉണ്ടാകുന്നതിന് നിങ്ങൾക്ക് ഉണ്ടായിട്ടുള്ള അനുഭവങ്ങൾ എന്തൊക്കെയാണ്?**

# രണ്ടാം ദശാംശം

ദശാംശം നൽകുന്നതിന് അല്ലെങ്കിൽ മടക്കിക്കൊടുക്കുന്നതിനുള്ള ബൈബിളിന്റെ ഉപദേശം പല ക്രിസ്ത്യാനികളും തിരിച്ചറിയുകയും അനുവർത്തിക്കുകയും ചെയ്യുന്നുണ്ട്. മലാഖി 3:10 പ്രകാരം അതൊരു ലളിതമായ സമവാക്യമാണ്. വിശ്വാസികൾ തങ്ങളുടെ വരുമാനത്തിന്റെ അല്ലെങ്കിൽ വർദ്ധനയുടെ 10 ശതമാനം സഭയുടെ സുവിശേഷ പ്രചാരണ പ്രവൃത്തികൾക്കായി കൊടുക്കുന്നു. ഇപ്രകാരം ദശാംശങ്ങൾ ഏല്പിക്കപ്പെട്ടിരിക്കുന്ന സഭകൾക്ക്, നേരിട്ടുള്ള ശുശ്രൂഷകൾക്കും സുവിശേഷീകരണത്തിനുമായി ഈ ധനം ഉപയോഗിക്കുന്നതിനുള്ള കർശനമായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സാധാരണയായി ഉണ്ട്.

**ആവർത്തനം 14:22–29 വായിക്കുക. ഈ ഉപദേശങ്ങളിൽ, ദശാംശാർപ്പണത്തിന്റെ പ്രഥമ ഉദ്ദേശം എന്താകുന്നു?**

ആ പത്തു ശതമാനം തിരികെ അർപ്പിക്കുമ്പോൾ നമ്മൾ അതു നിറവേറ്റി എന്ന ചിന്തയാണ് പ്രലോഭനം. പക്ഷേ യിസ്രായേല്യർക്കു നൽകപ്പെട്ട നിർദ്ദേശങ്ങൾപ്രകാരം, 10 ശതമാനം എന്നതു ഒരു തുടക്കമായിരുന്നു. ലേവ്യ നിയമ പ്രകാരം ജീവിക്കുകയും കൊടുക്കുകയും ചെയ്തിരുന്ന ഒരു പുരാതന യിസ്രായേല്യൻ തന്റെ വാർഷിക വരുമാനത്തിന്റെ കാൽഭാഗം മുതൽ മൂന്നിലൊന്നു ഭാഗം വരെ ദൈവവേലയ്ക്കായും പുരോഹിതന്മാർക്കും സമാഗമനകൂടാരത്തിനുവേണ്ടിയും സാധുക്കളെ സഹായിക്കുന്നതിനായും നൽകിയിരുന്നതായി പഠനങ്ങൾ കാണിക്കുന്നു.

പ്രത്യേകാൽ അന്യദേശക്കാരെയും അനാഥരെയും വിധവകളെയും സംരക്ഷിക്കുന്നതിനായി ഇപ്രകാരം കൊടുക്കുന്നതിനെ ചില ബൈബിൾ പണ്ഡിതർ രണ്ടാം ദശാംശം എന്നു വിവരിക്കുന്നു. ആളുകൾ അവരുടെ അദ്ധ്വാന ഫലത്തിൽ ആനന്ദിക്കുകയും അവരുടെ ഫലശേഖരത്തെ ആഘോഷിക്കുകയും ചെയ്യേണ്ടതു ആവശ്യമായിരുന്നു. ദൈവം അവരെ അനുഗ്രഹിക്കുമെന്നു വാഗ്ദത്തം നൽകിയിരുന്നു; പ്രത്യേകിച്ചു പുതിയ ദേശത്ത്. എന്നാൽ അവർ അതിനെ തങ്ങളുടേതായി മാത്രം കണക്കാക്കുകയോ അത്രമാത്രം അനുഗ്രഹിക്കപ്പെടാത്തവരെ മറക്കുകയോ അരുതായിരുന്നു.

വർഷംതോറും വിളവിന്റെ ഈ ഭാഗം സമാഗമനകൂടാരത്തിൽ കൊണ്ടുവന്നു അവിടെവെച്ചു പങ്കുവയ്ക്കപ്പെടുമായിരുന്നു. എന്നാൽ ഓരോ മൂന്നാം വർഷവും അനുഗ്രഹങ്ങൾ അവരുടെ ഇടയിൽ തന്നെ പങ്കിടുന്നതിനു ഒരു പ്രത്യേക ശ്രദ്ധാകേന്ദ്രം ഉണ്ടായിരുന്നു. ഈ വിളവെടുപ്പ് ആഘോഷങ്ങളിൽ, എളുപ്പത്തിൽ അവഗണിക്കപ്പെടുകയോ മറക്കപ്പെടുകയോ ചെയ്യാമായിരുന്നവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു: "ദശാംശം എടുക്കുന്ന

കാലമായ മൂന്നാം സംവത്സരത്തിൽ നിന്റെ അനുഭവത്തിൽ ഒക്കെയും ദശാംശം എടുത്തു ലേവ്യനും പരദേശിയും അനാഥനും വിധവയും നിന്റെ പട്ടണങ്ങളിൽവച്ച് തൃപ്തിയാം തിന്മാൻ വണ്ണം കൊടുത്തു തീർന്നശേഷം..." (ആവ. 26:12).

ദൈവത്തിന്റെ നിർദ്ദേശപ്രകാരം ഇസ്രായേല്യർ കൊടുത്തതിന്റെ ഒരു ഭാഗമെങ്കിലും അത്യാവശ്യം ആയിരുന്നവർക്ക് സാമ്പത്തികവും പ്രായോഗി കവുമായ സഹായത്തിനായി ഒരുക്കപ്പെട്ടു. വീണ്ടും, ദൈവം എപ്രകാരം അവ രോടു കരുണയും നീതിയും ഉള്ളവനായിരുന്നു എന്നുള്ള ജനങ്ങളുടെ ഓർമ്മയും അഭിനന്ദനവും ആയിരുന്നു ഇതിന്റെ അടിസ്ഥാനം.

**ആവർത്തനം 26:1–11 വായിക്കുക. ദൈവം അവരോടു പറയുന്നത് എന്താണ്? സഹായം ആവശ്യമായവർക്കു നൽകുന്നതിനുള്ള നമ്മുടെ മനോഭാവത്തിൽ ഇതിനെ എങ്ങനെ പ്രയോഗിക്കാം?**

**വ്യാഴം** **ജൂലൈ 11**

## യോബേൽ സംവത്സരം

സ്വന്തമായി ഭവനങ്ങൾ ഇല്ലാതിരുന്നവരും വാഗ്ദത്ത നാട്ടിൽ എത്താൻ കാത്തിരുന്നവരുമായ യിസ്രായേല്യരെ ഒരു ജനതയായി കണ്ടുമുട്ടുമ്പോൾ, അവർ കനാനിൽ അവരുടെ പുതിയ സമൂഹം സ്ഥാപിക്കുമ്പോൾ ദേശം കൊക്കൊള്ളേണ്ട നടപടിയുടെ പ്രാധാന്യം ദൈവം അറിഞ്ഞിരുന്നു. യോശുവയുടെ നായകത്വത്തിൽ കുലം കുലമായും കുടുംബം കുടുംബമായും ക്രമീകൃതമായി ഭൂമി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യം ദൈവം മുൻകണ്ടു.

കാലാന്തരത്തിൽ, ഭൂമി കൈവശം വയ്ക്കുന്നതു സംബന്ധിച്ച ധനം, അവസരങ്ങൾ, ധനാഗമ മാർഗ്ഗങ്ങൾ എന്നിവ ചുരുക്കം ചിലരുടെ കൈവശം കേന്ദ്രീകരിക്കപ്പെടാമെന്നു ദൈവത്തിനു അറിയാമായിരുന്നു. കുടുംബ പ്രാരാ ബ്ധങ്ങൾ, അനാരോഗ്യം, മോശമായ തിരഞ്ഞെടുപ്പുകൾ തുടങ്ങിയ നിർഭാ ഗ്യങ്ങൾ നിമിത്തം ചില ഭൂവുടമകൾക്കു തൽക്കാല നേട്ടങ്ങൾക്കുവേണ്ടിയോ നിലനിൽപ്പിനുവേണ്ടിയോ അവരുടെ ഭൂമി വിൽക്കേണ്ടി വന്നാൽ തുടർന്നു തലമുറകൾക്കു അതു നഷ്ടം ആകുമായിരുന്നു.

ദൈവത്തിന്റെ ആജ്ഞ ആകട്ടെ, നിലം ഒരിക്കലും നിരുപാധികം വിൽക്ക പ്പെടരുത് എന്നതായിരുന്നു ദൈവത്തിന്റെ പ്രശ്നപരിഹാരം. പകരം, അടുത്ത "യോബേൽ സംവത്സരത്തേക്കു മാത്രമേ നിലം വിൽക്കപ്പെടാമായിരുന്നുള്ളൂ. ആ സമയത്തു ഭൂമി അതു അനുവദിക്കപ്പെട്ട കുടുംബത്തിനു തിരികെ കിട്ടു മായിരുന്നു. വിറ്റ ആളിനോ കുടുംബത്തിൽപ്പെട്ട മറ്റൊരാൾക്കോ ഏതു സമ യത്തും ഭൂമി വീണ്ടെടുക്കുവാനും കഴിയുമായിരുന്നു. ദൈവം വീണ്ടും ജന

ങ്ങൾക്കു തന്നോടുള്ള ബന്ധത്തെയും അതു മറ്റുള്ളവരുമായുള്ള ബന്ധത്തെ എങ്ങനെ ബാധിക്കുമെന്നും ഓർമ്മിപ്പിക്കുന്നു: "നിലം ജന്മം വിൽക്കരുതു: ദേശം എനിക്കുള്ളതു, ആകുന്നു; നിങ്ങൾ എന്റെ അടുക്കൽ പരദേശികളും വന്നു പാർക്കുന്നവരും അത്രേ" (ലേവ്യർ. 25:23).

**ലേവ്യർ 25:8–23 വായിക്കുക. ഈ തത്വങ്ങൾ പാലിച്ചിരുന്നെങ്കിൽ, പ്രത്യേകിച്ച് "നിങ്ങൾ തമ്മിൽ തമ്മിൽ അന്യായം ചെയ്യരുത്" എന്ന വാക്കുകൾ പ്രായോഗികം ആക്കിയെങ്കിൽ സമൂഹം എത്ര വ്യത്യസ്തം ആയേനെ എന്നു നിങ്ങൾ കരുതുന്നുവോ?**

"ദൈവം സ്ഥാപിച്ച നടപടിക്രമങ്ങൾ സമൂഹത്തിൽ സമത്വം പ്രോത്സാഹിപ്പിക്കുന്നതിനായി രൂപപ്പെടുത്തിയതാണ്. ശബ്ബത്താണ്ടിന്റെയും യോബേൽ സംവത്സരത്തിന്റെയും വ്യവസ്ഥകൾ, ദേശത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ സ്ഥിതികളിൽ ഇടക്കാലത്ത് ഉണ്ടായ തെറ്റുകൾ ശരിയാക്കുന്നതിനു സഹായിച്ചിട്ടുണ്ട്"– Ellen G. white, Patriarchs and Prophets, p.534.

ഏതെങ്കിലും ഒരു പ്രത്യേക കാലയളവിൽ ഈ സാമ്പത്തിക, സാമൂഹിക താളക്രമം കൃത്യമായി പാലിക്കപ്പെട്ടിരുന്നുവോ എന്നതിൽ ബൈബിൾ ചരിത്രകാരന്മാർക്കു തിട്ടമില്ല (2 ദിന. 26:21 കാണുക). എന്നാലും, ദൈവത്തിന്റെ നിയമങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിരുന്നെങ്കിൽ ലോകം എങ്ങനെ പ്രവർത്തിക്കുമായിരുന്നു എന്ന വിസ്മയകരമായ ഒരു കാഴ്ചപ്പാടു ഈ നിയമങ്ങൾ നൽകുന്നു. അതിലുപരിയായി, നമ്മുടെ ലോകത്തു ന്യായം പ്രായോഗിക മാർഗ്ഗങ്ങളിൽ കാണപ്പെടണം എന്ന ദൈവോദ്ദേശത്തോടൊപ്പം അവ സാധുക്കളെക്കുറിച്ചുള്ള ദൈവവിചാരത്തിനു അടിവരയിടുന്നു.

**വെള്ളി** **ജൂലൈ 12**

**കൂടുതൽ പഠനം:** Ellen G. white, " The Law given to Israel," PP. 303- 314; "God's care for the poor" PP. 5030-536, in Patriarchs and Prophets.

"ദൈവത്തിന്റെ അവകാശവാദങ്ങളെ തിരിച്ചറിയുന്നതിനും ഉപരിയായി, ദരിദ്രരോടു മോശെയുടെ നിയമം തിരിച്ചറിയുന്നതിനും അപ്പുറമായി ഉദാരവും ആർദ്രവും ഹൃദ്യവുമായ മറ്റൊന്നില്ല. ദൈവം തന്റെ ജനത്തെ ധാരാളമായി അനുഗ്രഹിക്കുമെന്ന വാഗ്ദത്തം ഉണ്ടായിരുന്നെങ്കിലും, അവരുടെ ഇടയിൽ ദാരിദ്ര്യം തീരെ അറിയാതിരിക്കുക എന്നതു ദൈവത്തിന്റെ ഉദ്ദേശ്യം ആയിരുന്നില്ല. ദരിദ്രർ ദേശത്തു ഇല്ലാതെ വരികയില്ല എന്നു ദൈവം പ്രഖ്യാപിച്ചിരുന്നു. അനുകമ്പയും ആർദ്രതയും പ്രയോജനത്വവും പ്രവർത്തിക്കുന്നവർ തന്റെ ജനത്തിനിടയിൽ എപ്പോഴും ഉണ്ടായിരുന്നു. ഇക്കാലത്തെന്ന പോലെ നിർഭാഗ്യതയും രോഗവും ധനനഷ്ടവും ബാധകമായിരുന്നു; എന്നിരുന്നാലും അവർ ദൈവത്തിന്റെ ഉപദേശങ്ങൾ പിൻതുടർന്നേടത്തോളം അവ

രുടെ ഇടയിൽ ഭിക്ഷക്കാർ ഇല്ലായിരുന്നു, ഭക്ഷണം ഇല്ലാതെ കഷ്ടപ്പെട്ട വരും ഇല്ലായിരുന്നു." - Ellen G. white, Patriarchs and Prophets, PP. 530-531

"ഈ നടപടികൾ ദരിദ്രരെക്കാൾ കുറവല്ലാതെ ധനികരെ അനുഗ്രഹി ക്കുന്നതിനു ഉള്ളതായിരുന്നു. അവർ അത്യാഗ്രഹവും സ്വയം പ്രശംസ യ്ക്കുള്ള മോഹവും നിയന്ത്രിക്കണമായിരുന്നു. എല്ലാ വിഭാഗങ്ങൾക്കുമിട യിൽ സന്മനോഭാവവും പരസ്പര വിശ്വാസവും വളർത്തുന്നതിലൂടെ സാമൂ ഹികക്രമം, ഭരണ സ്ഥിരത വളർത്തുമായിരുന്നു. ബൃഹത്തായ മനുഷ്യവല പ്പണിയിൽ നാം എല്ലാവരും നെയ്തു ചേർക്കപ്പെട്ടിരിക്കുന്നു. അതിനാൽ മറ്റു ള്ളവരുടെ ഗുണത്തിനും ഉയർച്ചയ്ക്കും വേണ്ടി നാം ചെയ്യുന്നതൊക്കെ നമ്മുടെ മേലുള്ള അനുഗ്രഹങ്ങളിൽ പ്രതിഫലിക്കും" - Pages. 534-535.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. ദൈവം മോശെയ്ക്കും ഇസ്രയേൽജനത്തിനും അവർ എപ്രകാരമുള്ള ഒരു സമൂഹം ആയിരിക്കേണം എന്നതിനു നൽകിയ 'ബ്ലൂപ്രിന്റ്' സംബന്ധിച്ചു നിങ്ങളെ കൂടു തൽ ആകർഷിക്കുന്ന പ്രത്യേകത, നിയമം അല്ലെങ്കിൽ നടപടി എന്താണ്? (അതു ഈ പാഠത്തിൽ നിന്നുള്ളതോ നിങ്ങളുടെ സ്വന്തം പഠനമോ?).
2. ദൈവം തന്റെ ജനത്തിന് നൽകിയ നിയമത്തിൽ, അത്യധികം സാധുക്കളായവ രിൽ ദൈവം അധികം ശ്രദ്ധവയ്ക്കുന്നത് എന്തിനാണെന്നു നിങ്ങൾക്കു തോന്നുന്നു?
3. ഈ നിയമങ്ങളെ ഇന്നു നാം എങ്ങനെ ഗ്രഹിക്കണം? അവയുമായി എങ്ങനെ ബന്ധപ്പെടണം? ഇവയിൽ ഏതൊക്കെയാണു ഇന്നു നമുക്ക് ബാധകവും ഉചി തവും ആയിരിക്കുന്നത്? ഇസ്രായേല്യ സമൂഹത്തെയും ജീവിതങ്ങളെയും ക്രമീക രിക്കുന്നതിനായി നൽകപ്പെട്ട വിശദമായ നിർദ്ദേശങ്ങളിൽനിന്നു നമുക്കു പഠിക്കു വാനുള്ള ഏറ്റവും പ്രധാനപ്പെട്ട വസ്തുത ഏതാണ്?

**സംഗ്രഹം:** ദൈവം ഈജിപ്തിലെ യിസ്രായേൽജനത്തിന്റെ കഷ്ടത നിമി ത്തമുള്ള മുറവിളി കേട്ടു അവരെ വിടുവിക്കുന്നതിനു ഇടപെട്ടു. അവരുമായി ഒരു പ്രത്യേക ഉടമ്പടിബന്ധം സ്ഥാപിക്കുവാൻ ദൈവം ആഗ്രഹിച്ചു. എല്ലാ വർക്കും, പലപ്പോഴും മറക്കപ്പെടുന്നവർക്കും മാറ്റി നിർത്തപ്പെടുന്നവർക്കും സാധുക്കൾക്കു പോലും അനുഗ്രഹമായിരിക്കേണ്ടുന്ന തരം ഒരു പുതിയ സമൂഹത്തെ സ്ഥാപിക്കുന്നതിനായി അവരോടൊത്തു പ്രവർത്തിക്കുന്നതിനും ദൈവം ആഗ്രഹിച്ചു.

***